# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8008 — 24.07.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസ്സുകളിലെ എയർ ഹോൺ ഉപയോഗം

| ചോദ്യം<br>ശ്രീമതി കെ.എസ്. സലീഖ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ഒട്ടുമിക്ക സ്വകാര്യ ബസ്സുകളിലും എയർ ഹോൺ ഉപയോഗം വ്യാപകമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തുവെന്നും ആയതുവഴി എത്ര രൂപ സ്വരൂപിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം മോട്ടോർ വാഹന വകുപ്പ് 4603 കേസുകളിലായി 31,40,340 രൂപയും പോലീസ് വകുപ്പ് 4038 കേസ്സുകളിലായി 4,83,600 രൂപയും ഈടാക്കിയിട്ടുണ്ട്. |
| (ബി) ട്രാഫിക് ബ്ളോക്കുകളിൽ പോലും എയർ ഹോൺ ദുരുപയോഗം ചെയ്യുന്ന ഡ്രൈവർമാരുണ്ട് എന്ന വസ്തുത മനസ്സിലായിട്ടുണ്ടോ; മുന്നിലുള്ള വാഹനങ്ങളെ മറികടക്കാനും മത്സരയോട്ടത്തിനും എയർ ഹോൺ ഉപയോഗിക്കുന്നത് വ്യാപകമാണോ; എങ്കിൽ ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; | (ബി) | ട്രാഫിക് ബ്ലോക്കുകളിലും മുന്നിലുള്ള വാഹനങ്ങളെ മറികടക്കുന്നതിനും, മത്സരയോട്ടത്തിനും എയർ ഹോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എയർ ഹോൺ ഉപയോഗിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് മോട്ടോർ വാഹന വകുപ്പ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന ജംഗ്ഷനുകളിലെല്ലാം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും വാഹനങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് വകുപ്പ് കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) സീബ്രാ ലൈനിൽ നിൽക്കുന്ന യാത്രികരെ ഭയപ്പെടുത്താനും ചില ഡ്രൈവർമാർ എയർഹോൺ ഉപയോഗപ്പെടുത്തുന്നുവെന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഡ്രൈവർമാർക്കെതിരെ 1988 ലെ മോട്ടോർ വാഹന നിയമവും അതിനു കീഴിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) മൂന്നുമുതൽ അഞ്ച് പൈപ്പുകൾ വരെയുള്ള ഹോണുകൾ ഉപയോഗിക്കുന്ന സ്വകാര്യ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതെയും പെർമിറ്റ് റദ്ദാക്കിയും എയർ ഹോണുകൾ | (ഡി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 119(1) പ്രകാരം മോട്ടോർ വാഹനങ്ങളിൽ ഇലക്ട്രിക് ഹോൺ അല്ലെങ്കിൽ AIS-014 സ്പെസിഫിക്കേഷനോടുകൂടിയ ഹോൺ മാത്രമേ ഉപയോഗിക്കാവൂ. വാഹനങ്ങൾ ഫിറ്റ്നെസ് ടെസ്റ്റിന് |

| | | |
|---|---|---|
| ഉപയോഗിക്കുന്നത് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | | ഹാജരാക്കുന്ന സമയത്ത് എയർ ഹോണുകൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ഫിറ്റ്നസ് നൽകാറില്ല. എന്നാൽ പലപ്പോഴും ടെസ്റ്റിന് ശേഷം ഇവ ഘടിപ്പിക്കാറാണ് പതിവ്. ഇവ കണ്ടുപിടിക്കാനും നടപടി എടുക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എയർ ഹോൺ ഉപയോഗിക്കുന്നതിന്റെ പേരിൽ പെർമിറ്റ് റദ്ദാക്കാൻ നിയമം അനുവദിക്കുന്നില്ല. എന്നാൽ നിയമപ്രകാരമുള്ള എല്ലാ ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഇ) ഡ്രൈവർ ക്യാബിനിൽ യാത്രികർക്ക് ഇരിപ്പിടം നൽകരുതെന്ന നിയമം സ്വകാര്യ ബസ്സുകാർ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; ഡ്രൈവർക്ക് എതിർവശത്തുള്ള ടൂൾ ബോക്സിന് മുകളിൽ യാത്രക്കാരെ ഇരുത്തിയാണ് ചില സ്വകാര്യ ബസ്സുകൾ ഓടുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നിയമവിരുദ്ധ ഡ്രൈവിംഗ് നടത്തുന്ന ഡ്രൈവർമാർക്കെതിരെ എപ്രകാരമുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. ഇത്തരം നിയമ ലംഘനം നടത്തി സർവ്വീസ് നടത്തുന്ന വാഹന ഉടമകൾക്കും ഡ്രൈവർമാർക്കുമെതിരെ മോട്ടോർ വാഹന നിയമമനുശാസിക്കുന്ന പ്രകാരം വാഹനത്തിന്റെ ഫിറ്റ്നസ് റദ്ദു ചെയ്യുക , പിഴ ഈടാക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ